# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.143 11.08.2017 ൽ മറുപടിയ്ക്ക്

### സ്കൂൾ ബസുകളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കുവാൻ നടപടി

| ചോദ്യം<br><br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.പുരുഷൻ കടലുണ്ടി | | മറുപടി<br><br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്കൂൾ ബസുകൾ നിരന്തരം അപകടത്തിൽപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്കൂൾ ബസുകൾ അപകടത്തിൽപെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| (ബി) | ഈ സാഹചര്യത്തിൽ അവരവരുടെ അധികാര പരിധിയിലുള്ള സ്കൂൾ ബസുകളുടെ പ്രവർത്തനക്ഷമത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആർ.ടി.ഒ.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ട് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും സ്കൂൾ സമയങ്ങളിൽ പ്രത്യേക പരിശോധന സംഘങ്ങളെ നിയോഗിച്ച് പരിശോധനയും, നിരീക്ഷണവും നടത്തുന്നതിലേക്കായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൽ നൽകിയിട്ടുണ്ട്:<br>1. അമിതമായി കുട്ടികളെ കുത്തി നിറച്ച് കൊണ്ടു പോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും, ഓട്ടോറിക്ഷ മുതലായ ഇതര വാഹനങ്ങൾക്കെതിരെയും കർശന നടപടി സ്വീകരിക്കുക<br>2. സ്കൂൾ ബസ്സുകൾ ഓടിക്കുന്ന ഡ്രൈവർമാർ നിർദ്ദിഷ്ട യോഗ്യതയും, പരിചയവും ഉള്ളവരാണെന്ന് ഉറപ്പ് വരുത്തുക<br>3. സ്വകാര്യ വാഹനങ്ങൾ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സായി ഉപയോഗിക്കുന്നില്ല എന്ന് സ്കൂൾ പരിസരത്ത് തന്നെ പരിശോധന നടത്തി ഉറപ്പ വരുത്തുക<br>4. സ്കൂൾ വാഹനങ്ങളിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ടെസ്റ്റിന് ശേഷവും |

| | | | |
|---|---|---|---|
| | | | ആവശ്യമായ ഉപകരണങ്ങളായ സ്പീഡ് ഗവർണ്ണർ, എമർജൻസി എക്സിറ്റ്, അഗ്നി ശമന ഉപകരണം എന്നിവ നിലവിലുണ്ടോ എന്ന് ഉറപ്പ് വരുത്തുക<br>5. സ്കൂൾ ബസ്സുകളിൽ നിർബന്ധമായും ഡോർ അറ്റൻഡന്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും, ഇവർ സ്റ്റോപ്പുകളിൽ റോഡ് മുറിച്ച് കടക്കുന്നതിന് സഹായിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുക<br>6. വാഹനങ്ങളിൽ സ്കൂളിന്റെ ഫോൺ നമ്പർ, ചൈൽഡ് ലൈൻ നമ്പർ, വാഹനത്തിനുള്ളിൽ കുട്ടികളുടെ പേര് വിവരങ്ങളും, അവരുടെ രക്ഷാകർത്താക്കളുടെ ഫോൺ നമ്പരും അടങ്ങിയ ലിസ്റ്റ് മുതലായവ ഉണ്ടെന്ന് ഉറപ്പ് വരുത്തുക |
| (സി) | പരിശോധനയിൽ അപാകത കണ്ടെത്തുന്ന വാഹനഉടമകൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | മോട്ടോർ വാഹന നിയമ പ്രകാരം, പരിശോധനയിൽ കണ്ടെത്തുന്ന ഗതാഗത നിയമ ലംഘനത്തിന്റെ ഗൗരവം അനുസരിച്ച് ഈടാക്കേണ്ട പിഴ ഈടാക്കുകയും, വാഹനം ഓടിച്ചിരുന്ന ഡ്രൈവറുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുക, വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കൽ മുതലായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ഡി) | എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിന് മുമ്പുള്ള പതിവ് പരിശോധനയ്ക്ക് പുറമേ സ്കൂൾ വാഹനങ്ങളുടെ പ്രവർത്തനക്ഷമത കൃത്യമായ ഇടവേളകളിൽ പരിശോധിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | സ്കൂൾ തുറക്കുന്നതിനു മുമ്പുള്ള പതിവു പരിശോധനകൾക്ക് പുറമേ അദ്ധ്യയന വർഷം ആരംഭിച്ചതിനു ശേഷവും സ്കൂൾ വാഹനങ്ങളുടെ പ്രവർത്തനം പരിശോധിക്കണമെന്നും നിർ ദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളിൽ സ്പീഡ് ഗവർണർ പ്രവർത്തന ക്ഷമമാണോ എന്ന് പരിശോധിക്കുക, സീറ്റിംഗ് കപ്പാസിറ്റിയിലും കൂടുതലായി വിദ്യാർത്ഥികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നുണ്ടോ എന്ന് പരിശോധിക്കുക, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുക എന്നീ നിർ ദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അമിത വേഗം മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്കൂൾ ബസുകളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | എല്ലാ സ്കൂൾ ബസ്സുകളിലും സ്പീഡ് ഗവർണർ നിർ ബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തന ക്ഷമത വാഹന പരിശോധനാ സമയത്തും, വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി ഹാജരാക്കുമ്പോഴും ഉദ്യോഗസ്ഥർ ഉറപ്പുവരുത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**